(ബി) ഫിഷിംഡവലപ്പ്മെന്റ് കോർപ്പറേഷന്റെ 31–5–1986 വരെയുള്ള ആസ്തി—ബാദ്ധ്യതകളും താൽക്കാലികമായി താഴെ പറയും പ്രകാരം കണക്കാക്കിയിട്ടുണ്ട്.

ആസ്തി 605 ലക്ഷം രൂപ
ബാദ്ധ്യത 1010 ലക്ഷം രൂപ

ഇവ ആഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലാത്ത കണക്കാണ്.

വിദേശങ്ങളിൽനിന്നും വാങ്ങിയ മൽസ്യക്കുഞ്ഞുങ്ങൾ

1131 [2062] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യസമ്പത്ത് സമ്പുഷ്ടമാക്കാനും പുതിയതരം മൽസ്യങ്ങളെ വളർത്താനും കേന്ദ്ര സഹായത്തോടുകൂടി 1979–ൽ മലമ്പുഴ, ചുള്ളിയാർ, പോത്തുണ്ടി, മംഗലം, വാളയാർ തുടങ്ങിയ വിവിധ ഡാമുകളിൽ മൽസ്യം വളർത്തൽപരിപാടി തുടങ്ങിയിരുന്നുവോ;

(ബി) ഇതിലേക്കായി വിദേശങ്ങളിൽനിന്ന് മൽസ്യക്കുഞ്ഞുങ്ങളെ വരുത്തി വളർത്തിയിരുന്നുവോ;

(സി) എങ്കിൽ 7–7–1986 വരെ കൊണ്ടുവന്ന കുഞ്ഞുങ്ങളുടെ എണ്ണം എത്ര;

(ഡി) അതിൽ ചാകാതെയുള്ള കുഞ്ഞുങ്ങളുടെ എണ്ണം എത്ര;

(ഇ) അതിനായി ചെലവഴിച്ച സംഖ്യ എത്ര;

(എഫ്) ഇക്കാര്യത്തിനായി സംസ്ഥാനം 7–7–1986 വരെ എത്ര സംഖ്യ ചെലവഴിച്ചു;

(ജി) 7–7–1986 വരെ മൽസ്യങ്ങളെ വിറ്റ വകയിൽ എത്ര സംഖ്യ വരവുണ്ടായി?

ഉത്തരം

(എ) മലമ്പുഴ, ചുള്ളിയാർ, പോത്തുണ്ടി, മംഗലം, വാളയാർ തുടങ്ങിയ വിവിധ ഡാമുകളിൽ മൽസ്യം വളർത്തൽ പരിപാടി 1978 മുതൽ തുടങ്ങിയിട്ടുണ്ട്. എന്നാൽ ഈ പരിപാടിക്ക് യാതൊരുവിധമായ കേന്ദ്ര സഹായവും ലഭിച്ചിട്ടില്ല.

(ബി) ഇതിലേക്ക് വിദേശങ്ങളിൽനിന്ന് മൽസ്യക്കുഞ്ഞുങ്ങളെ വാങ്ങിയിട്ടില്ല.

(സി, ഡി, ഇ, എഫ്, ജി) ചോദ്യം ഉദിക്കുന്നില്ല.

ചെമ്മീൻകൃഷിക്ക് ലഭിക്കുന്ന കേന്ദ്ര സഹായം

1132 [2063] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മറുനാടൻകൃഷിക്ക് പൊതുവായും ചെമ്മീൻകൃഷിക്ക് പ്രത്യേകമായും കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly